കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ എം.എൽ.എ.യും ധനകാര്യം- കയർ വകുപ്പ് മന്ത്രിയുമായ ഡോ.തോമസ് ഐസക് അവർകളുടെ ആസ്തി വികസന പദ്ധതി - ഭരണാനുമതി ലഭ്യമായ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് അനുമതി നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.1790/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 30/06/2018

പരാമർശം :- (1) സ.ഉ.(സാധാ) നമ്പർ 137/2018/എൽ.എസ്.ജി.ഡി. തീയതി 13.01.2018

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.05.2018 തീയതിയിലെ ഡിബി2/6043/2018/സിഇ/എൽ.എസ്.ജി.ഡി. നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ എം.എൽ.എ.യും ധനകാര്യം-കയർ വകുപ്പ് മന്ത്രിയുമായ ഡോ.തോമസ് ഐസക് അവർകളുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "തത്തംപള്ളി എച്ച്.എം.സി.എ.കുരിശ്ശടി മുതൽ ഹൗസിംഗ് കോളനി വരെയുള്ള റോഡിന്റെ പുനരുദ്ധാരണം" എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

(2) ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2)-ലെ കത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

(3) നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ "തത്തംപള്ളി എച്ച്.എം.സി.എ.കുരിശ്ശടി മുതൽ ഹൗസിംഗ് കോളനി വരെയുള്ള റോഡിന്റെ പുനരുദ്ധാരണം" എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ധനകാര്യം- കയർ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്